**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **12/02/2020-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വികസനത്തിൽ കേരള ബാങ്കിനുള്ള പങ്ക്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ്**<br>**,, സണ്ണി ജോസഫ്**<br>**,, അനിൽ അക്കര**<br>**,, എം. വിൻസെന്റ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനത്തിൽ കേരളബാങ്കിന് മുഖ്യ പങ്ക് വഹിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് വളരാനുള്ള വലിയ അവസരമാണ് കേരള ബാങ്കിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ്പ് ഉറപ്പാക്കുന്നതിനും ഇത് സഹായകമാകും. പ്രാഥമിക സഹകരണ ബാങ്കുകളുടെ ശാക്തീകരണത്തിന് കേരള ബാങ്കിന് സഹായിക്കാൻ കഴിയും. പ്രാഥമിക സഹകരണ ബാങ്കിലൂടെ കാർഷികമേഖലയുടെ പുരോഗതിക്ക് ആവശ്യമായ ധനം ലഭ്യമാക്കാൻ കേരള ബാങ്കിന് സാധിക്കും. എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും കേരള ബാങ്കിന് ലഭ്യമാക്കാൻ സാധിക്കും. കാർഷിക കാർഷികേതര വായ്പ കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കാൻ കഴിയും. ഇപ്രകാരം സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനത്തിൽ കേരള ബാങ്കിന് മുഖ്യപങ്ക് വഹിക്കാൻ കഴിയും. |
| (ബി) | സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും കാര്യമായ പ്രവർത്തനം | (ബി) | സംസ്ഥാനത്തെ ഹ്രസ്വകാല സഹകരണ വായ്പാ ഘടന നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറണമെന്ന സർക്കാർ നയത്തിന്റെ |

| | | | |
|---|---|---|---|
| | കാഴ്ചവെയ്ക്കുവാൻ സാധിച്ചിരുന്നില്ലെന്നതു കൊണ്ടാണോ അവ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുവാൻ തീരുമാനിച്ചത്; | | അടിസ്ഥാനത്തിൽ ആയതിനെപ്പറ്റി പഠനം നടത്താൻ നിയോഗിച്ചിരുന്ന ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശ കൂടെ കണക്കിലെടുത്താണ് കേരള സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളേയും ലിയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാൻ തീരുമാനമായത്. ജില്ലാ സഹകരണ ബാങ്കുകളിലെ പ്രവർത്തനത്തിലെ പോരായ്മകൾ ശ്രീറാം കമ്മിറ്റി ചൂണ്ടിക്കാട്ടിയിരുന്നു. |
| (സി) | സംസ്ഥാനത്ത് നിലനിന്നിരുന്ന ത്രീ ടയർ സിസ്റ്റം ഉപേക്ഷിച്ച് ടൂ ടയർ സിസ്റ്റത്തിലേക്ക് നീങ്ങുന്നത് സഹകരണ മേഖലക്ക് എപ്രകാരം ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ; | (സി) | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതോടെ എല്ലാത്തരം ബാങ്കിംഗ് പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുള്ള ബാങ്കായി കേരള ബാങ്കിന് ഉയരാൻ കഴിയും. കോസ്റ്റ് എഫക്ടീവായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയും. സഹകരണ ബാങ്കിംഗ് മേഖല അതിനൂതന സാങ്കേതിക മികവിലേയ്ക്ക് വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ഈ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കാൻ കഴിയും. കേരള ബാങ്ക് വരുന്നതോടെ വായ്പയും നിക്ഷേപവും വർദ്ധിക്കും. അതുവഴി നബാർഡിൽ നിന്നും കൂടുതൽ പുനർവായ്പ ലഭിക്കും. ജില്ലാ ബാങ്ക് എന്നതലം ഇല്ലാതാവുന്നതോടെ ഒരു തലത്തിലെ ഭരണ, സ്ഥാപന സംബന്ധിയായ ചെലവുകൾ കുറയും. കർഷകർക്ക് നിലവിലെ പലിശനിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ കഴിയും. കാർഷികേതര വായ്പയുടെ പലിശനിരക്കും കുറയ്ക്കാൻ കഴിയും. |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്ക് നിലവിൽ വരുന്നതോടെ കാർഷിക വായ്പകൾ നിലവിലുള്ള-തിനെക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് നൽകുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ? | (ഡി) | കേരള ബാങ്ക് നിലവിൽ വന്നതോടെ ശക്തമാകുന്ന ബാങ്കിന്റെ ധനസ്ഥിതി നബാർഡിൽ നിന്നും കൂടുതൽ പുനർവായ്പ ലഭിക്കാൻ കഴിയുന്നതായിരിക്കും. 4.5% പലിശയ്ക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പ ജില്ലാ ബാങ്ക് എന്നതലം ഒഴിവായാൽ കർഷകർക്ക് നിലവിലെ 7% പലിശനിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ നൽകാവുന്നതാണ്. തൻവർഷം 5000 കോടി രൂപ കാർഷിക വായ്പാ ഇനത്തിൽ കർഷകർക്ക് 6% പലിശ നിരക്കിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷികേതര വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ.